(ബി) തിരിച്ചടവിൽ കുടിശ്ശിക വന്നാൽ വായ്പകളിന്മേൽ ലഭിക്കേണ്ട സബ്സിഡി നഷ്ടപ്പെടുമെന്നതിനാൽ പ്രസ്തുത സബ്സിഡി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

സ്വയംതൊഴിൽ സബ്സിഡി പദ്ധതിപ്രകാരം വായ്പ ലഭിക്കേണ്ട ഗുണഭോക്താക്കൾ സംരംഭം ആരംഭിച്ചതായി ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡിക്കായി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർമാർ ശിപാർശ ചെയ്യുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾക്കാണ് വായ്പയുടെ 1/3 ഭാഗം തുക നൽകുന്നത്. ശേഷിക്കുന്ന തുക മാത്രമേ ഗുണഭോക്താവിന് വായ്പായിനത്തിൽ ബാദ്ധ്യതയായുള്ളൂ. ആയതിനാൽ, ടി പദ്ധതിപ്രകാരം സംരംഭം ആരംഭിച്ച് പ്രവർത്തിച്ചുവരുന്ന ഗുണഭോക്താക്കളുടെ സബ്സിഡി വിഹിതം നഷ്ടമാകുന്നില്ല.

പട്ടിക വർഗ്ഗക്കാർക്ക് നിയമനം

81(2117) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന ഏതെല്ലാം വകുപ്പുകളിൽ പട്ടികവർഗ്ഗക്കാർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ വിവിധ വകുപ്പുകളിൽ നിയമനം നൽകിയവരുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ നിയമനം നേടിയവർ സർവ്വീസിൽ തുടരാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഇങ്ങനെ സർവ്വീസിൽനിന്നും പുറത്തുപോയവരുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ; സർവ്വീസിൽനിന്നും പുറത്തു പോകാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഇത് പരിഹരിക്കുന്നതിന് ഇപ്രകാരമുണ്ടാകുന്ന വെക്കേഷൻ വേക്കൻസികൾ അതത് വകുപ്പുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും റാങ്ക് ലിസ്റ്റ് നിലവിലുള്ള സാഹചര്യത്തിൽ അതേ റാങ്ക് ലിസ്റ്റിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമനം നൽകുകയും ചെയ്തുവരുന്നു. റാങ്ക് ലിസ്റ്റ് നിലവിലില്ലായെങ്കിൽ വരുംവർഷങ്ങളിലെ നിയമന സാദ്ധ്യത അവലോകനം ചെയ്ത് സംവരണ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly